# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3914** — **15/5/2017** -ലെ മറുപടി

## നെയ്യാർ ഡാം റിസർവോയറിൽ നിന്ന് വെള്ളം അരുവിക്കരയിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. കെ.രാജൻ<br>ശ്രീമതി. സി.കെ.ആശ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ ചേരുകയും തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ യോഗങ്ങളിലെ തീരുമാനങ്ങൾക്കനുസരിച്ച് വിവിധ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | പേപ്പാറ ഡാമിൽ നിന്നുള്ള വെള്ളം നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ആവശ്യങ്ങൾക്ക് തികയാതെ വരുന്ന സാഹചര്യത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ ആലോചിക്കുന്നത്; | (ബി) | കടുത്ത വേനലിൽ അരുവിക്കരയിലേയും പേപ്പാറയിലേയും ജലനിരപ്പ് ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിൽ നിന്നുള്ള വെള്ളം അരുവിക്കരയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഡാം സ്രോതസ്സായി 100 mld ജലം നഗരത്തിൽ എത്തിക്കാനുള്ള സമഗ്ര പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. |
| (സി) | നെയ്യാർ ഡാമിന്റെ റിസർവോയറിൽ നിന്ന് വെള്ളം ശുദ്ധീകരിക്കുന്ന അരുവിക്കരയിലെ റിസർവോയർ വരെ പ്രത്യേക ചാലുകൾ നിർമ്മിച്ചായിരിക്കുമോ വെള്ളം എത്തിക്കുന്നതെന്ന്; വിശദാംശം വ്യക്തമാക്കുമോ? | (സി) | നെയ്യാർ ഡാമിലെ കാപ്പുകാട് നിന്നും ജലം പമ്പ് ചെയ്ത് വിവിധ തരം പൈപ്പുകളിലൂടെ 1.5 കി.മീ. അകലെയുള്ള കുമ്പിൾമൂട് തോട്ടിലെത്തിച്ച് അവിടെ നിന്നും 9 കി.മീ. അകലെയുള്ള കരമനയാറിലെ അണിയിൽ കടവിലേക്ക് തോടുവഴി കൊണ്ടു വരുകയാണ് ചെയ്യുന്നത്. വൈദ്യുതി, വനം, വ്യവസായം, മോട്ടോർ വാഹനം, |

റവന്യൂ, ധനകാര്യം, പോലീസ് എന്നി വകുപ്പുകളുടെ സഹകരണത്തോടെയാണ് ജലവിഭവ വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.

സെക്ഷൻ ഓഫീസർ

JSK/